"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനിലെ കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർ തസ്തികയിലെ ശമ്പള പരിഷ്കരണ അനോമലി പരിഹരിക്കുന്നത് - **WP(C)No. 29293/2025**-ലെ ബഹു.ഹൈക്കോടതി വിധിന്യായം - പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**നികുതി (എ) വകുപ്പ്**

സ.ഉ.(കൈ) നം.**18/2026/TAXES** തീയതി,തിരുവനന്തപുരം, **12-03-2026**

---

പരാമർശം:-

1. **07.04.2017** ലെ സ.ഉ(കൈ) നം.**20/2017**/നികുതി
2. **12.02.2021**- ലെ സ.ഉ(കൈ) നം.**13/2021**/നികുതി
3. **06.04.2022**-ലെ സ.ഉ(കൈ) നം.**20/2022**/നികുതി
4. **12.04.2025**- ലെ സ.ഉ(കൈ) നം.**52/2023**/നികുതി
5. **04.07.2023**-ലെ സ.ഉ(കൈ) നം.**41/2025**/നികുതി
6. കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ **25.06.2025**-ലെ കെ.എസ്.ബി.സി/**1160/2025**-എ.ഇ1 നമ്പർ കത്ത്
7. **WP(C) No29293/2025**-ന് മേൽ ബഹു.ഹൈക്കോടതി **8.08.2025**-ൽ പുറപ്പെടുവിച്ച വിധിന്യായം
8. കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ **17.12.2025**ലെ കെ.എസ്.ബി.സി/**3208/2025**-എ.ഇ1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനിലെ കമ്പ്യൂട്ടർ പ്രോഗ്രാമർമാരുടെ ശമ്പള പരിഷ്കരണ അനോമലി പരിഹരിക്കുന്നതിനായി ബിവറേജസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ പരാമർശം **(6)** പ്രകാരം സർക്കാരിൽ സമർപ്പിച്ച ശിപാർശ പരിഗണിക്കാൻ നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ട് ശ്രീ അബ്ദുൽ കഹാർ മുതൽപേർ ഫയൽ ചെയ്ത **WP(C) No.29293/2025**-ന് മേൽ ബഹു: ഹൈക്കോടതി പരാമർശം **(7)** പ്രകാരം പുറപ്പെടുവിച്ച വിധിന്യായത്തിൽ പരാതിക്കാരെ നേരിൽ കേട്ട്, ബിവറേജസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച ശിപാർശ പരിഗണിക്കാൻ ഉത്തരവാകുകയുണ്ടായി.

2. പരാമർശം(1) പ്രകാരം ബിവറേജസ് കോർപ്പറേഷനിൽ അനുവദിച്ച ശമ്പള പരിഷ്കരണത്തെ തുടർന്ന് മുൻപ് **13900-24040** എന്ന ശമ്പള സ്കെയിൽ ഉണ്ടായിരുന്ന അസിസ്റ്റന്റ് ഗ്രേഡ്-I, സീനിയർ കമ്പ്യൂട്ടർ അസിസ്റ്റന്റ് ( ടൈപ്പിസ്റ്റ്ഗ്രേഡ്- I ) കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർ എന്നീ തസ്തികകൾക്ക് **26,500-56,700** എന്ന ശമ്പള സ്കെയിലും, **11,620-20,240** ശമ്പള സ്കെയിൽ ഉണ്ടായിരുന്ന ഗ്രേഡ് II അസിസ്റ്റന്റിന് **22,200-48,000** എന്ന ശമ്പള സ്കെയിലും അനുവദിച്ച് നൽകുകയുണ്ടായി.

3. ബിവറേജസ് കോർപ്പറേഷനിലെ തസ്തികകൾ നിർണ്ണയിച്ച് പുറപ്പെടുവിച്ച പരാമർശം (2) ഉത്തരവ് പ്രകാരം അസിസ്റ്റന്റ് ഗ്രേഡ് -I തസ്തികയെ സീനിയർ അസിസ്റ്റന്റ് എന്ന് പുനർനാമകരണം ചെയ്യുകയും, കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർ തസ്തികക്ക് തുല്യമായിരുന്നതും **26,500-56,700** എന്ന ശമ്പള സ്കെയിൽ ഉണ്ടായിരുന്നതുമായ ടി തസ്തികയ്ക്ക് **30,700 - 65,400** എന്ന ശമ്പള സ്കെയിൽ നല്കുകയുമുണ്ടായി. അതിൻ പ്രകാരം അസിസ്റ്റന്റ് ഗ്രേഡ് -I തസ്തിക ഇല്ലാതാകുകയും ചെയ്തു. എന്നാൽ ടി ശമ്പള സ്കെയിൽ കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർ തസ്തികക്ക് നല്കുകയുണ്ടായില്ല. ബിവറേജസ് കോർപ്പറേഷനിലെ തസ്തികകൾ നിർണ്ണയിച്ച് പുറപ്പെടുവിച്ച ഉത്തരവിനെതിരെ ബിവറേജസ് കോർപ്പറേഷനിലെ വിവിധ വിഭാഗം ജീവനക്കാർ ബഹു:ഹൈക്കോടതി മുൻപാകെ വിവിധങ്ങളായ ഹർജികൾ സമർപ്പിക്കുകയും പ്രസ്തുത ഹർജികളിൻമേൽ ബഹു:ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായങ്ങളുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച പരാമർശം (3) ഉത്തരവ് ഉത്തരവ് പ്രകാരം, മുൻപ് പുനർനാമകരണം ചെയ്യപ്പെട്ടതായ സീനിയർ അസിസ്റ്റന്റ് തസ്തികകയും, അതിന് താഴെയായി മുൻപ് നിറുത്തൽ ചെയ്ത അസിസ്റ്റന്റ് ഗ്രേഡ് -I തസ്തികക്ക് തുല്യമായി അസിസ്റ്റന്റ് എന്ന പേരിൽ പുതിയ തസ്തികയും സൃഷ്ടിക്കുകയും ചെയ്തു. കൂടാതെ എൻടി കേഡർ തസ്തികയായ കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർ തസ്തികയെ സീനിയർ കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർ എന്നും കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർ എന്നും **1:1** എന്ന അനുപാതത്തിൽ രണ്ടായി വിഭജിക്കുകയും **30700-65400** എന്ന സ്കെയിലിൽ സീനിയർ കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർ എന്ന തസ്തിക സൃഷ്ടിക്കുകയും, ഇത് പ്രകാരം സീനിയർ കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർ തസ്തിക **37-ഉം** കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർ എന്ന തസ്തിക **38-ഉം** ആയി നിശ്ചയിക്കുകയും ചെയ്തു.

4. ബിവറേജസ് കോർപ്പറേഷനിൽ ശമ്പള പരിഷ്കരണം നടത്തിയ പരാമർശം (4) ഉത്തരവ് പ്രകാരം സീനിയർ അസിസ്റ്റന്റ്, സീനിയർ കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർ എന്നീ തസ്തികൾക്ക് **43400-91200** എന്ന ശമ്പള സ്കെയിലും അസിസ്റ്റന്റ് ഗ്രേഡ് - I, അസിസ്റ്റന്റ് , കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർ എന്നീ തസ്തികൾക്ക് **37400 - 79000** എന്ന ശമ്പള സ്കെയിലും അനുവദിയ്ക്കുകയുണ്ടായി.

5. ബിവറേജസ് കോർപ്പറേഷനിലെ ചില തസ്തികകൾക്ക് പുതുതായി ഗ്രേഡുകൾ അനുവദിച്ച് പരാമർശം (5) പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം **37400-79000** ശമ്പള സ്കെയിലിലുള്ള അസിസ്റ്റന്റ് തസ്തികക്ക് **39300-83000** എന്ന ശമ്പള സ്കെയിൽ അനുവദിച്ചു. മുമ്പ് ഇല്ലാതിരുന്നതും, പുതുതായി ഗ്രേഡ് അനുവദിച്ചതുമായ

സെലക്ഷൻ ഗ്രേഡ് കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികക്ക് **45600-95600** എന്ന ശമ്പള സ്കെയിൽ അനുവദിച്ചു. മുമ്പ് ഗ്രേഡ് **I** ടൈപ്പിസ്റ്റ് എന്ന് അറിയപ്പെട്ടിരുന്നതും പിന്നീട് സീനിയർ ഗ്രേഡ് കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്ന് പുനർനാമകരണം ചെയ്യപ്പെട്ടതുമായ തസ്തികയുടെ ശമ്പള സ്കെയിൽ **37400-79000** എന്നതിൽ നിന്നും **43400-91200** ആയി ഉയർത്തി. നിലവിൽ ഇല്ലാതിരുന്നതും പുതുതായി ഗ്രേഡ് അനുവദിച്ചതുമായ ഗ്രേഡ് **I** കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികക്ക് **39300-83000** എന്ന ശമ്പള സ്കെയിൽ അനുവദിച്ചു. അപ്രകാരം, തുടക്കത്തിൽ കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർ തസ്തികയെക്കാൾ താഴ്ന്ന ശമ്പള സ്കെയിലുണ്ടായിരുന്ന തസ്തികകൾ കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർ തസ്തികയെക്കാൾ ഉയർന്ന ശമ്പള സ്കെയിലിലുള്ള തസ്തികകളായി മാറുകയുണ്ടായി.

**6.** കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർ തസ്തികയുടെ ശമ്പള സ്കെയിൽ താരതമ്യേന കുറവായതിനാൽ **37400-79000** എന്ന ശമ്പള സ്കെയിലിലുള്ള **38** കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർമാരുടെ ശമ്പള സ്കെയിൽ അസിസ്റ്റന്റ് തസ്തികയുടെ ശമ്പളസ്കെയിലിന് സമാനമായി **39300-83000** ആയി ഉയർത്താവുന്നതാണെന്ന് ബിവറേജസ് കോർപറേഷൻ മാനേജിങ് ഡയറക്ടർ പരാമർശം **(8)** പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

**7.** സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. **2017** മുതൽ **2025** വരെയുള്ള കാലയളവിൽ വിവിധ ഘട്ടങ്ങളിലായി ബിവറേജസ് കോർപ്പറേഷനിലെ തസ്തികകൾക്ക് ശമ്പളപരിഷ്കരണം നൽകിയപ്പോൾ സീനിയർ അസിസ്റ്റന്റ്, അസിസ്റ്റന്റ് ഗ്രേഡ്-**I**, സ്റ്റെനോഗ്രാഫർ, കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്നീ തസ്തികകൾക്ക് നൽകിയ പരിഷ്കരണത്തിന് ആനുപാതികമായ ശമ്പള പരിഷ്കരണ ആനുകൂല്യം സമാന തസ്തികയിലുള്ള കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർ തസ്തികയ്ക്ക് മാത്രം നൽകുകയുണ്ടായില്ല. സംസ്ഥാന ബിവറേജസ് കോർപറേഷനിൽ മുൻകാലങ്ങളിൽ അസിസ്റ്റന്റ് എന്ന പേരിൽ അറിയപ്പെട്ടതും, കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർ തസ്തികക്ക് സമാനമായിരുന്നതും പിന്നീട് സീനിയർ അസിസ്റ്റന്റ് എന്ന് പുനർ നാമകരണം ചെയ്യപ്പെട്ടതുമായ തസ്തികയ്ക്ക് തുല്യമായ ശമ്പള സ്കെയിൽ ലഭിക്കാൻ കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർ തസ്തികയ്ക്കും അർഹത ഉള്ളതിനാൽ സീനിയർ അസിസ്റ്റന്റ് തസ്തികയ്ക്ക് നിലവിൽ അനുവദിച്ചിട്ടുള്ള **43400-91200** എന്ന ശമ്പള സ്കെയിൽ കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർ തസ്തികക്ക് അനുവദിച്ചും, സീനിയർ കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർ, കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർ എന്നീ തസ്തികകൾ കൂട്ടിച്ചേർത്ത് മുൻപുണ്ടായിരുന്നതുപോലെ കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർ എന്ന ഒറ്റ തസ്തികയായി നിലനിർത്തിയും ഇതിനാൽ ഉത്തരവാകുന്നു.

**8.** മേൽപ്രകാരം പരാമർശം (7)-ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ആർ ജ്യോതിലാൽ

അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്:

1. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കണ്ടന്റ് ജനറൽ(എ&ഇ/ ആഡിറ്റ്) ,കേരള, തിരുവനന്തപുരം.
3. അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
4. പൊതു ഭരണ(എസ്.സി)വകുപ്പ്(**10.03.2026**-ലെ മന്ത്രിസഭായോഗ തീരുമാനം ഇനം.നമ്പർ **3843** പ്രകാരം)
5. ധനകാര്യ വകുപ്പ് (ഫയൽ നം.**3386681**/പി.യു-സി**2**/**13**/**2026**-ഫിൻ പ്രകാരം)
6. വിവര പൊതുസമ്പർക്ക വകുപ്പ്(വെബ് & ന്യൂ മീഡിയ)
7. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (എ**3**/**135**/**2025**/നികുതി)
8. പകർപ്പ് (**A3**/**52**/**2023**/നികുതി ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

Signed by
Jagadish Babu M
സെക്ഷൻ ഓഫീസർ
Date: 12-03-2026 10:18:52

*രഹസ്യം*

**കേരള സർക്കാർ**

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 10-03-2026

ഫയൽ നം. എ3/135/2025/നികുതി. ഇനം നം: 3843

വിഷയം : നികുതി വകുപ്പ് - കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനിലെ കമ്പ്യൂട്ടർ പ്രോഗ്രാമർമാരുടെ ശമ്പള പരിഷ്കരണ അനോമലി പരിഹരിക്കുന്നതിനുള്ള ശിപാർശയിന്മേൽ നടപടി സ്വീകരിക്കണമെന്നുള്ള ബഹു. ഹൈക്കോടതിയുടെ വിധിന്യായം സംബന്ധിച്ച്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, നികുതി വകുപ്പ്.

SO(A)
11/3

3843

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എ 3/ 135/2025-നികുതി |
| 2 | വകുപ്പ് | : | നികുതി (എ) വകുപ്പ് |
| 3 | വിഷയം | : | കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനിലെ കമ്പ്യൂട്ടർ പ്രോഗ്രാമർമാരുടെ ശമ്പള പരിഷ്കരണ അനോമലി പരിഹരിക്കുന്നതിനുള്ള ശിപാർശയിന്മേൽ നടപടി സ്വീകരിക്കണമെന്നുള്ള ബഹു.ഹൈക്കോടതിയുടെ വിധിന്യായം സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 28.02.2026 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ(ബാദ്ധ്യത കെ.എസ്.ബി.സിക്ക്) |
| | (ii)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചി ട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചി ട്ടുണ്ടോ? | : | ഇല്ല. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.പ്രമോദ് എം.വി |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.കെ.ആർ . ജ്യോതിലാൽ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 04.03.2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 04.03.2026 |
| 12 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. എം.ബി. രാജേഷ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 05.03.2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 06.03.2026 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനിലെ കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർമാരുടെ ശമ്പള പരിഷ്കരണ അനോമലി പരിഹരിക്കുന്നതിനുള്ള ശിപാർശയിന്മേൽ നടപടി സ്വീകരിക്കണമെന്നുള്ള ബഹു.ഹൈക്കോടതിയുടെ വിധിന്യായവുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്

2. കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനിലെ കമ്പ്യൂട്ടർ പ്രോഗ്രാമർമാരുടെ ശമ്പള പരിഷ്കരണ അനോമലി പരിഹരിക്കുന്നതിനായി ബിവറേജസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ച ശിപാർശ പരിഗണിക്കാൻ നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ട് ശ്രീ അബ്ദുൽ കഹാർ മുതൽപേർ ഫയൽ ചെയ്ത WP(C) No.29293/2025-ന് മേൽ ബഹു: ഹൈക്കോടതി 08.08.2025-ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ പരാതിക്കാരെ നേരിൽ കേട്ട്, ബിവറേജസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച ശിപാർശ പരിഗണിക്കാൻ ഉത്തരവിട്ടിട്ടുണ്ട്.

3. 07.04.2017 -ലെ G.O(Ms)20/2017/നിവ പ്രകാരം ബിവറേജസ് കോർപ്പറേഷനിൽ അനുവദിച്ച ശമ്പള പരിഷ്കരണത്തിൽ അസിസ്റ്റന്റ് ഗ്രേഡ് -I, കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർ ,സ്റ്റെനോഗ്രാഫർ എന്നീ തസ്തികകൾക്ക് 26500-56700 എന്ന് സ്കെയിലാണ് നൽകിയിരുന്നത്. 2017 മുതൽ 2025 വരെയുള്ള കാലയളവിൽ വിവിധ ഘട്ടങ്ങളിലായി ബിവറേജസ് കോർപ്പറേഷനിലെ തസ്തികകൾക്ക് ശമ്പളപരിഷ്കരണം നൽകിയപ്പോൾ അസിസ്റ്റന്റ് ഗ്രേഡ്-I, സ്റ്റെനോഗ്രാഫർ എന്നീ തസ്തികകൾക്ക് പരിഷ്കരണം നൽകിയെങ്കിലും സമാനമായ കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർ തസ്തികയ്ക്ക് മാത്രം ആനുപാതികമായ ശമ്പള പരിഷ്കരണ ആനുകൂല്യം നൽകുകയുണ്ടായില്ല.

4. ബിവറേജസ് കോർപ്പറേഷനിലെ തസ്തികകൾ നിർണ്ണയിച്ച് പുറപ്പെടുവിച്ച 12.02.2021-ലെ G.O(Ms)13/2021/നി.വ ഉത്തരവിനെതിരെ ബിവറേജസ് കോർപ്പറേഷനിലെ വിവിധ വിഭാഗം ജീവനക്കാർ ബഹു:ഹൈക്കോടതി മുൻപാകെ

വിവിധങ്ങളായ ഹർജികൾ സമർപ്പിക്കുകയും പ്രസ്തുത ഹർജികളിൻമേൽ ബഹു:ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായങ്ങളുടെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് ഗ്രേഡ്-I തസ്തികയെ സീനിയർ അസിസ്റ്റന്റ് തസ്തികയായി പുനർനാമകരണം ചെയ്ത് പുതിയ തസ്തിക സൃഷ്ടിക്കുകയും 26500-56700 എന്ന ശമ്പള സ്കെയിലിൽ ഉണ്ടായിരുന്ന ടി തസ്തികയ്ക്ക് 30700-65400 എന്ന ശമ്പള സ്കെയിൽ നൽകുകയുമുണ്ടായി. എൻട്രി കേഡറായ കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർ തസ്തികയ്ക്ക് മുകളിലായി സീനിയർ കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർ എന്ന തസ്തിക 30700-65400 എന്ന സ്കെയിലിൽ 1:1 എന്ന അനുപാതത്തിൽ സൃഷ്ടിക്കുകയും, ഇത് പ്രകാരം സീനിയർ കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർ തസ്തിക 37 ഉം കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർ എന്ന തസ്തിക 38 ഉം ആയി നിശ്ചയിക്കുകയും ചെയ്തു.

5. അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികയിലുള്ള എല്ലാവർക്കും സീനിയർ അസിസ്റ്റന്റ് തസ്തികയിലേക്ക് (മുമ്പ് അസിസ്റ്റന്റ് ഗ്രേഡ്-I) പ്രൊമോഷൻ നൽകുകയും അതുവഴി കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർ, സ്റ്റെനോഗ്രാഫർ, സീനിയർ കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്നീ തസ്തികകളെക്കാളും താഴ്ന്ന ശമ്പളസ്കെയിലുണ്ടായിരുന്ന അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലുള്ളവർ 2021- ൽ ഉയർന്ന ശമ്പള സ്കെയിൽ നേടുകയും ചെയ്തു.

6. ബിവറേജസ് കോർപ്പറേഷനിലെ ചില തസ്തികകൾക്ക് പുതുതായി ഗ്രേഡുകൾ അനുവദിച്ച് പുറപ്പെടുവിച്ച 12.4.2025- ലെ G.O.(MS) No.41/2025/Taxes പ്രകാരം 37400-79000 ശമ്പള സ്കെയിലിലുള്ള അസിസ്റ്റന്റ്, സ്റ്റെനോഗ്രാഫർ എന്നീ തസ്തികകൾക്ക് 39300-83000 എന്ന ശമ്പള സ്കെയിൽ അനുവദിച്ചു. മുമ്പ് ഇല്ലാതിരുന്നതും, പുതുതായി ഗ്രേഡ് അനുവദിച്ചതുമായ സെലക്ഷൻ ഗ്രേഡ് കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികക്ക് 45600-95600 എന്ന ശമ്പള സ്കെയിൽ അനുവദിച്ചു. മുമ്പ് ഗ്രേഡ് I ടൈപ്പിസ്റ്റ് എന്ന് അറിയപ്പെട്ടിരുന്നതും പിന്നീട് സീനിയർ ഗ്രേഡ് കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്ന് പുനർനാമകരണം ചെയ്യപ്പെട്ടതുമായ തസ്തികയുടെ ശമ്പള സ്കെയിൽ 37400-79000 എന്നതിൽ നിന്നും 43400-91200 ആയി ഉയർത്തി. നിലവിൽ ഇല്ലാതിരുന്നതും പുതുതായി ഗ്രേഡ് അനുവദിച്ചതുമായ ഗ്രേഡ് I കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികക്ക് 39300-83000 എന്ന ശമ്പള സ്കെയിൽ അനുവദിച്ചു. പുതുതായി ഗ്രേഡ്

അനുവദിച്ച ഗ്രേഡ് I കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികക്ക് 39300-83000 ശമ്പള സ്കെയിൽ അനുവദിച്ചത് വഴി അതും കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർ തസ്തികയെക്കാൾ ഉയർന്ന തസ്തികയായി മാറി.

7. 37400-79000 എന്ന ശമ്പള സ്കെയിലിലുള്ള 38 കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർമാരുടെ ശമ്പള സ്കെയിൽ അസിസ്റ്റന്റ് തസ്തികയുടെ ശമ്പളസ്കെയിലിന് സമാനമായി 39300-83000 ആയി ഉയർത്താവുന്നതാണെന്നും, അതിനായി ഉണ്ടാകുന്ന പ്രതിവർഷ സാമ്പത്തിക ബാധ്യത 2,56,800/-(രണ്ട് ലക്ഷത്തി അമ്പത്താറായിരത്തി എണ്ണൂറ്) രൂപയാണെന്നും ബിവറേജസ് കോർപറേഷൻ മാനേജിങ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർമാരുടെ പരാതി ന്യായമാണെന്ന് ബിവറേജസ് കോർപറേഷൻ മാനേജിങ് ഡയറക്ടർ കണ്ടെത്തിയിട്ടുണ്ടെങ്കിലും അത് പരിഹരിക്കുന്നതിനായി നിലവിൽ അസിസ്റ്റന്റ്, ഗ്രേഡ് I കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്നീ തസ്തികകൾക്ക് നൽകി വരുന്ന 39300-83000 എന്ന ശമ്പള സ്കെയിലാണ് ശുപാർശ ചെയ്തിട്ടുള്ളത് . പ്രസ്തുത ശുപാർശ നിലവിലുള്ള പ്രശ്നത്തിന് പരിഹാരമാണെന്ന് കാണുന്നില്ല .

8. സംസ്ഥാന ബിവറേജസ് കോർപറേഷനിൽ മുൻകാലങ്ങളിൽ അസിസ്റ്റന്റ് എന്ന പേരിൽ അറിയപ്പെട്ടതും, കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർ തസ്തികക്ക് സമാനമായിരുന്നതും പിന്നീട് സീനിയർ അസിസ്റ്റന്റ് എന്ന് പുനർ നാമകരണം ചെയ്യപ്പെട്ടതുമായ തസ്തികയ്ക്ക് നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ള 43400-91200 എന്ന ശമ്പള സ്കെയിൽ കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർ തസ്തികക്ക് അനുവദിക്കേണ്ടത് അനിവാര്യമാണ്. കൂടാതെ സീനിയർ കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർ, കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർ എന്നീ തസ്തികകൾ കൂട്ടിച്ചേർത്ത് പഴയതു പോലെ കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർ എന്ന ഒറ്റ തസ്തികയായി നിലനിർത്തേണ്ടതുമാണ്. ശമ്പള സ്കെയിൽ അനുവദിക്കുന്നത് ബിവറേജസ് കോർപ്പറേഷന്റെ സ്വന്തം ഫണ്ടിൽ നിന്നും ആയതിനാൽ സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതല്ല.

9. കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർ തസ്തികക്ക് 43400-91200 എന്ന ശമ്പള സ്കെയിൽ അനുവദിക്കുന്നതും, സീനിയർ കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർ, കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർ എന്നീ തസ്തികകൾ കൂട്ടിച്ചേർത്ത് കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർ തസ്തികയായി നിലനിർത്തുന്നതും ബഹു.എക്സൈസ് വകുപ്പ് മന്ത്രി അംഗീകരിച്ചിട്ടുണ്ട്

10. ഈ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"ഭരണവകുപ്പ് ഫയലിലെ ബഹു.എക്സൈസ് മന്ത്രിയുടെ അഭിപ്രയത്തോട് യോജിക്കുന്നു എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു.

'ഇതിന് ബഹുധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്'

ഈ വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

**സംസ്ഥാന ബിവറേജസ് കോർപറേഷനിലെ സീനിയർ കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർ, കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർ എന്നീ തസ്തികകൾ കൂട്ടിച്ചേർത്ത് പഴയതു പോലെ കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർ തസ്തികയായി നിലനിർത്താവുന്നതും, ടി തസ്തികയ്ക്ക് 43400-91200 എന്ന ശമ്പള സ്കെയിൽ അനുവദിക്കാവുന്നതുമാണോ ?**